# KERALA CATHOLIC BISHOP'S COUNCIL (KCBC)
## TEMPERANCE COMMISSION
### (KCBC Madhya Virutha Samithy)
Pastoral Orientation Centre, Palarivattom P.O., Cochin-682025, Kerala, India
Ph: 9447023347, 8848508139 E-mail: johnareekal@rediffmail.com

*State Secretary*
**Fr. John Areekal**


<u>പ്രസിദ്ധീകരണത്തിന്</u>

## മദ്യപന്റെ ബലഹീനതയെ ചൂഷണം ചെയ്യരുത് - ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്

മദ്യപന്റെ മദ്യാസക്തിയെ ഭരണകർത്താക്കളും അബ്കാരികളും ചേർന്ന് ചൂഷണം ചെയ്യുകയാണെന്നും കണ്ണീരിന്റെ പണമാണ് ഇവർ കൈപ്പറ്റുന്നതെന്നും കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്. ഗാന്ധി രക്തസാക്ഷിത്വ ദിനാചരണത്തിന്റെ ഭാഗമായി പാലാരിവട്ടം പി.ഒ.സിയിൽ സംഘടിപ്പിച്ച സംസ്ഥാന ഭാരവാഹികളുടെയും രൂപതാ ഡയറക്ടർമാരുടെയും സംയുക്ത സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്.

മദ്യഷാപ്പുകളുടെ എണ്ണം കുറഞ്ഞതാണ് മറ്റ് മാരക ലഹരിവസ്തുക്കളുടെ വ്യാപനത്തിന് കാരണമായതെന്ന് പ്രചരിപ്പിച്ചവർ മദ്യശാലകളുടെ എണ്ണത്തിൽ കുത്തൊഴുക്ക് നടത്തുകയാണ്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ജനതയെ കുടിപ്പിച്ചുകിടത്തരുത്. എം.ഡി.എം.എ. പോലുള്ള മാരക ലഹരികൾക്കെതിരെ കർക്കശ നടപടികൾ സർക്കാർ സ്വീകരിക്കണം. പോലീസ്-എക്സൈസ്-ഫോറസ്റ്റ്-റവന്യു സംവിധാനങ്ങൾ സംയുക്തമായ മുന്നേറ്റം നടത്തണം.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന രജത ജൂബിലി സമാപന സമ്മേളനം മെയ് 11 ന് കൊച്ചിയിൽ നടക്കും.

സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കൽ, ഭാരവാഹികളായ ബോണി സി.എക്സ്., ജെസ്സി ഷാജി, ജോസ് കവിയിൽ, ഫാ. മാത്യു കാരിക്കൽ, ഫാ. സ്റ്റാലിൻ ഫെർണാണ്ടസ്, അന്തോണിക്കുട്ടി, ഫാ. ജോൺ പടിപ്പുരയ്ക്കൽ, ഫാ. ആന്റണി അറയ്ക്കൽ, പ്രസാദ് കുരുവിള, ഫാ. ഷൈജു, തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവർ പ്രസംഗിച്ചു.

<u>**ഫോട്ടോ അടിക്കുറിപ്പ്**</u>

ഗാന്ധിജി രക്തസാക്ഷിത്വ ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം പി.ഒ.സിയിൽ നടന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന ഭാരവാഹികളുടെയും രൂപതാ ഡയറക്ടർമാരുടെയും സംയുക്ത സമ്മേളനം കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ് ഉദ്ഘാടനം ചെയ്യുന്നു.

പി.ഒ.സി., പാലാരിവട്ടം, കൊച്ചി
31.01.2024

**ഫാ. ജോൺ അരീക്കൽ**
ജനറൽ സെക്രട്ടറി
KCBC മദ്യവിരുദ്ധ കമ്മീഷൻ